പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5718 — 24.05.2017 -ൽ മറുപടിക്ക്.

## ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില

| ചോദ്യം<br>**ശ്രീ.പി.കെ.ബഷീർ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സൗകര്യങ്ങളുടെയും സേവനങ്ങളുടെയും അടിസ്ഥാനത്തിൽ ഹോട്ടലുകളെ തരം തിരിക്കുന്നതിനും ആയതിൻ പ്രകാരം ഭക്ഷണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | (എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നല്കുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേ ഇനം ഭക്ഷണ സാധനങ്ങൾക്ക് വിവിധ നിരക്കിലാണ് വില ഈടാക്കുന്നത്. ഇത് ഏകീകരിക്കുന്നതിന് നിലവിൽ നിയമം ഇല്ല. ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നല്കിയ "2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്" നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമ നിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം നിയമപരമായി നിലനിൽക്കുമോ എന്ന കാര്യം പരിശോധിക്കുന്നതിനായി 10.08.2016 തീയതിയിൽ ഒരു യോഗം ചേർന്നിരുന്നു. നിയമം മൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് സാധ്യത ഇല്ലെന്നും ആയത് അപ്രായോഗികമാണെന്നുമുള്ള വാദമാണ് പ്രസ്തുത യോഗത്തിൽ ഉയർന്നു വന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ബില്ലിന് പ്രസക്തി ഇല്ല എന്ന് കണ്ടതിനാൽ മറ്റ് എന്ത് നടപടികൾ സ്വീകരിക്കാമെന്ന് ഗൗരവപൂർവ്വം ആലോചിച്ചു വരുന്നു. |
| (ബി) ന്യായവിലയ്ക്ക് ഭക്ഷണം ജനങ്ങൾക്ക് ലഭിക്കുന്നതിന് സപ്ലൈകോയുടെ നേതൃത്വത്തിലോ ഭക്ഷ്യ വകുപ്പിന്റെ നേതൃത്വത്തിലോ ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ? | (ബി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ